(സി) നിലവിലുള്ള ഒഴിവുകൾ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ജില്ലയിലെ എല്ലാ വകുപ്പുകളിലുമുള്ള ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

89 [2578] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എ) പത്തനംതിട്ട ജില്ലയിലെ എൽ.ഡി.സി. നിയമനത്തിനായുള്ള പി.എസ്.സി. ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു;

(സി) നാളിതുവരെ ജില്ലയിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) വിവിധ വകുപ്പുകളിലെ ഒഴിവുകൾ ഉടൻതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ;

(ഇ) ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി ആന്റ് ഇ) കാലാകാലങ്ങളിൽ ഉണ്ടാകുന്ന, പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്.

ആരോഗ്യവകുപ്പിൽ രണ്ടാംഗ്രേഡ് അറ്റൻഡർമാരായി വികലാംഗ ജീവനക്കാർക്ക് സ്ഥിര നിയമനം ലഭ്യമാക്കുന്നതിന് നടപടി

90 [2579] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ 1 വർഷത്തേക്ക് രണ്ടാം ഗ്രേഡ് അറ്റൻഡർമാരായി ജോലിയിൽ പ്രവേശിച്ച വികലാംഗരായ ജീവനക്കാർ സ്ഥിരനിയമനം ലഭിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രായപരിധി കഴിഞ്ഞ ഇവർക്ക് സർക്കാർ നിയമനം വീണ്ടും ലഭിക്കാൻ സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൈക്കോടതിയിൽനിന്നും താൽക്കാലികമായി ജോലിയിൽ തുടരാൻ വിധി സമ്പാദിച്ച ഇവരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു വർഷത്തേക്ക് താൽക്കാലികമായി ആണ് ഗ്രേഡ്-2 അറ്റന്റർമാരെ നിയമിച്ചിട്ടുള്ളത്. താൽക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്തുവാൻ നിലവിലുള്ള നിയമപ്രകാരം നിർവ്വാഹമില്ല.

(സി) ഹൈക്കോടതിയിൽനിന്നുള്ള താൽക്കാലിക വിധിയുടെ അടിസ്ഥാനത്തിൽ ദിവസക്കൂലി വ്യവസ്ഥയിൽ തുടരുവാൻ അനുവദിച്ചിട്ടുണ്ട്.

എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ക്ലാസ് 4 വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണ ശതമാനം

91 [2580] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ക്ലാസ് 4 വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവരണ ശതമാനം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഈ വിഷയത്തിൽ 5-ാം ശമ്പള കമ്മീഷന്റെ ശുപാർശ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) 5-ാം ശമ്പള കമ്മീഷന്റെ ശുപാർശ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. നടത്തുന്ന എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ക്ലാസ് 4 വിഭാഗം ജീവനക്കാർക്ക് 5 ശതമാനം സംവരണം 10-4-1974-ലെ ജി.ഒ. (പി) 11/74/പി.ഡി. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള സംവരണ ശതമാനം ഉയർത്തുന്നകാര്യം പരിഗണനയിലില്ല.

(സി) 5-ാം ശമ്പള കമ്മീഷൻ ഇക്കാര്യത്തിൽ യാതൊരു ശുപാർശയും നടത്തിയിട്ടില്ല.

ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly